# കാഴ്ച

പിറവം ബി.പി.സി. കോളേജ് രണ്ടാം വർഷ ബി.എ ഇംഗ്ലീഷ് ജേർണലിസം വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്നത്.

## കൂരിമല വിനോദസഞ്ചാര കേന്ദ്രമായേക്കും

**അഞ്ജലി, ആർഷ്യ, ജിനു, ലിജോ**

ഇലഞ്ഞി: ഇലഞ്ഞി പഞ്ചായത്തിലെ കൂരിമല വിനോദ സഞ്ചാരകേന്ദ്രമാകാൻ സാദ്ധ്യത. പ്രകൃതിരമണീ യമായ ഈ ഗ്രാമം ഭാവിയിൽ വിനോദ സഞ്ചാരകേന്ദ്രമായിട്ടായിരിക്കും നാം അറിയുക.

ജില്ലയിലെ രണ്ടാമത്തെ ഉയർന്ന പ്രദേശമായ കൂരിമല വളരെ നേരത്തെ തന്നെ ടൂറിസം മാപ്പിൽ ഇടം നേടിയിരുന്നു. എന്നാൽ ചർച്ച കളൊന്നും പുരോഗമിച്ചിരുന്നില്ല. എം.പി. ജോസ്. കെ.മാണി ടൂറിസം മന്ത്രിയുമായി ചർച്ച ചെയ്തതിനെ തുടർന്ന് ചെന്നൈ ടൂറിസം കൗൺസിൽ ചീഫ് ലാൻഡ് ആർക്കിടെക്ട് കെ. രഘുവരൻ സ്ഥലം സന്ദർശിക്കു കയും ടൂറിസം സാധ്യതയെ പ്പറ്റി പഠിക്കുകയും ചെയ്തിരു ന്നു. കൂരിമലയിലെ 3 ഏക്കർ പുറംപോക്ക് സ്ഥലം പദ്ധതിക്കു വേണ്ടിപ്രയോജനപ്പെടുത്തുകയായിരിക്കും. പഞ്ചായ ത്തും ജില്ലാ ടൂറിസം കൗൺ സിലും ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്ര ഥമിക പഠനം പൂർത്തിയാ ക്കിയിട്ടുണ്ട്.

എന്നാൽ പ്രാരംഭഘട്ടമായ പാറപൊട്ടിക്കൽ തുടങ്ങിയപ്പോതന്നെ പലവിധ പ്രശ്നങ്ങൾ തല ഉയർത്തുന്നതു മൂലം ആശങ്ക യിലാണ് പ്രദേശവാസികൾ. ശാസ്ത്രജ്ഞന്മാർ സ്ഥലം സന്ദർശിക്കുകയും പാറ പൊട്ടിക്കുന്നത് അപകടമാണെന്ന് മുന്നറിയിപ്പ് നൽകിയതുമായി നാട്ടുകാർ പറയുന്നു. പാറ പൊട്ടിക്കുന്നതുമൂലം കൂരിമലക്ക് സമീപമുള്ള പല വീടുകളിലും വിള്ളൽ വീഴുന്നതായി നാട്ടുകാർക്ക് ആരോപണമുണ്ട്. പാറപൊട്ടിക്കു ന്നതു വഴി പിറവം, പൈങ്കുറ്റി, ഇലഞ്ഞി, മുളക്കുളം എന്നിവിടങ്ങളിലെല്ലാം തന്നെ ജലലഭ്യത കുറയാൻ സാദ്ധ്യത ഉള്ളതായി ഭൗമശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. കൂരിമല വിനോദസഞ്ചാര കേന്ദ്രമാക്കുന്നത് അഭിമാനകര മെങ്കിലും നാട്ടുകാരുടെ സുരക്ഷ അവഗണിച്ചാവണോ ഇതെന്ന് ചിന്തിക്കേണ്ടതാണ്. എങ്കിലും വികസനമുരടിപ്പിനാൽ കഷ്ടത അനുഭവിച്ചിരുന്ന കൂരിമല നിവാസികൾക്ക് പ്രതീക്ഷയുടെ വെള്ളിവെളിച്ചമായ ഈ പദ്ധതി പൂർത്തീകരിക്കു വാൻ പ്രതിസന്ധികൾക്ക് ഉചിതമാകും വിധം പ്രതിവിധി കണ്ടുകൊണ്ട് അധികൃതർ ഉടൻ കർമ്മ നിരതരാകേണ്ടതാണ്. ഇതിനായി കൂരിമല നിവാസികൾ ഓരോരുത്തരും കാത്തിരിക്കുകയാണ്. സംസ്ഥാന ടൂറിസം കൗൺസിലിന്റെ പരിഗണന യിലുള്ള പദ്ധതിക്ക് ഉടൻ അനുവാദം ലഭിക്കു മെന്ന് പഞ്ചായത്ത് വൈസ് പ്രസിഡന്റായ ടോമി .കെ. തോമസ് പറഞ്ഞു.

## വിഷവിമുക്ത പച്ചക്കറി ഗ്രാമം ഒരു മാതൃകാ പദ്ധതി

**പിറവമാണ് സംസ്ഥാനത്ത് വിഷവിമുക്ത പച്ചക്കറി ഗ്രാമം പദ്ധതി ആരംഭി ക്കുന്ന ആദ്യ പഞ്ചായത്ത്.**

**അഗെറ്റ്, അഖില, ദിവ്യ**

പിറവം : ജൈവ ഗ്രാമമെന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവെപ്പായി വിഷവിമുക്ത ഗ്രാമം പദ്ധതി പിറവത്ത് പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് പദ്ധതി ആരംഭിക്കുന്ന ആദ്യ പഞ്ചായത്താണിത്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലായത്. പഞ്ചായത്തിന്റെ സഹകരണത്തോടെ ഹോർട്ടികൾച്ചറൽ മിഷൻ വഴി നടീൽ വസ്തുക്കൾ നൽകി ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം

നടീൽ വസ്തുക്കളും, വളവുമെല്ലാം മിഷൻ വിതരണം ചെയ്യും. മുരിങ്ങ, കറിവേപ്പില, കോവൽ എന്നിവയുടെ വേര് പിടിപ്പിച്ച തൈകളും അഞ്ചിനം നാടൻ പച്ചക്കറി വിത്തുകളും 5000 കുടുബങ്ങ ൾക്ക് ആദ്യ ഘട്ടമായി വിതരണം ചെയ്തു.

ഈ സംരംഭത്തിലൂടെ പിറവം നിവാസികൾക്ക് വിഷവിമുക്ത പച്ചക്കറിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും, വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന കൂട്ടായ്മകളെ പ്രോൽസാഹിപ്പിക്കുന്നതിനും സാധിക്കുമെന്ന് പിറവം പഞ്ചാ യത്ത് പ്രസിഡന്റ് സാബു.കെ. ജേക്കബ്ബ് പറഞ്ഞു.



ഹെക്ടറിന് 22500 രൂപയാണ് സബ്സിഡിയായി നൽകുക. ജൈവവള ഉൽപാദനത്തിനായി മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ഉൽപാദിപ്പിക്കുന്ന പച്ചക്ക റികൾ വിറ്റഴിക്കുന്നതിനായി സഞ്ചരിക്കുന്ന പച്ചക്കറി വിൽപ്പനശാലയും ആരംഭിക്കു ന്നതിനു ധനസഹായം നൽകും. പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതിയുടെ ഭാഗമാണിത്.

പിറവത്തെ എല്ലാ സ്കൂളുകളും, ക്ലബ്ബുകളും, കുടുംബശ്രീ കൂട്ടായ്മകളും, തൊഴിലുറപ്പ് സമിതിയും ഈ പദ്ധതിയിൽ പങ്കാളികളാണ്.



# ബി.പി.സി കോളേജിൽ ദ്വിദിന ദേശീയ സെമിനാർ നടത്തി

**അഗേറ്റ്, അഖില, ദിവ്യ**

പിറവം : ബി.പി.സി കോളേജ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂൺ 21,22 തീയതികളിൽ ദേശീയ സെമിനാർ നടന്നു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആൻഡ് ടെക്നോളജി എൻവയോൺമെന്റിന്റെ സഹകരണത്തോടെ യാണ് മൈക്രോവേവ് ഇലക്ട്രോണിക്സ് ആൻഡ് എൻവയോൺമെന്റൽ ഇംപാക്ട് എന്ന വിഷയത്തിൽ സെമിനാർ നടത്തിയത്. കോളേജ് മാനേജർ അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത സെമിനാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. സണ്ണി കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. എ.ഉണ്ണികൃഷ്ണൻ, ഡോ. എം.വി.രാജേഷ്, ഡോ. തോമസ്കുട്ടി മാത്യു, ഡോ. എസ്. മൃദുല, പ്രൊഫ. എസ്. സതീഷ്കുമാരൻ എന്നിവരാണ് ചർച്ചകളും ക്ലാസുകളും നയിച്ചത്. രാജ്യത്തെ വിവിധ കോളേജുകളിൽ നിന്നായി നൂറോളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

# മഞ്ഞപ്പിത്തം : ഊരമനയിൽ മെഡിക്കൽ ക്യാമ്പ് നടത്തി

**വീണ, അഞ്ജു, ശ്രീലക്ഷ്മി**

പിറവം: രാമമംഗലം ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്ന് പിടിച്ചതിനെ തുടർന്ന് ഊരമനയിൽ മെഡി ക്കൽ ക്യാമ്പ് നടത്തി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഊരമന ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ജൂൺ 18 ന് രാവിലെ 10 ന് ആണ് മെഡിക്കൽ ക്യാമ്പ് നടത്തിയത്. ഊരമന, ശിവലി, പെരുവംമുഴി തുടങ്ങിയ പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്ന് പിടിക്കുകയും, ആറു പേർക്ക് ഹൈപ്പറ്റൈറ്റിസ് ബി കണ്ടെത്തുകയും ചെയ്തു. ഈ മേഖലയിൽ പതിവായി കക്കൂസ് മാലിന്യം തള്ളുന്നതാണ് മഞ്ഞപ്പിത്തം പടർന്ന് പിടിക്കാനുള്ള പ്രധാന കാരണമെന്ന് നാട്ടുകാർ പറയുന്നു. ഇതിനെതിരെ അടിയന്തരനടപടികൾ സ്വീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് വിൽസ കെ. ജോൺ അറിയിച്ചു. രോഗം ബാധിച്ചവർക്ക് സൗജന്യ വാക്സിനേഷനും രക്തപരിശോധനയും നടത്തി.

# വള്ളത്തിലെ യാത്രാദുരിതം ഒഴിയുന്നു

**അഖിൽ, അജാസ്, ജോം, അബിദ്**

കളമ്പൂർ : കളമ്പൂർക്കാവ് നിവാസികളുടെ ചിരകാല സ്വപ്നം പൂവണിയുന്നു. കളമ്പൂർക്കാവ് ദേവീക്ഷേത്രത്തിനേയും, ചങ്ങലപാലത്തേയും ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെ പണികൾ വേഗത്തിൽ പുരോഗമിക്കുന്നു. മഴയുള്ള സമയങ്ങളിൽ വെള്ളത്തിന്റെ കുത്തൊഴുക്ക് അപകടകരമാംവിധം വളരെ കൂടുതലാണ്. ഈ അവസ്ഥ യിലും കടത്തുവള്ളം തന്നെ യാണ് ഏക ആശ്രയം നിരവധി പേരാണ് ദിവസവും ഈ കടത്തിനെ ആശ്രയിക്കുന്നത്. പെരുവ ഗവ. സ്കൂൾ, ഭാവൻസ് വിദ്യാലയം എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഈ കടത്തിനെയാണ് ആശ്രയിക്കുന്നത്.

# എന്തിനീ അവഗണന?



**രവി, ബേസിൽ, ലിജോ, അരുൺ,**

എന്തിനെന്നെ അവഗണിക്കുന്നു? ഈ ചോദ്യം ഉന്നയിക്കുന്നത് മറ്റാരുമല്ല പിറവത്തെ KSRTC സബ് ഡിപ്പോയാണ്. ഹർത്താൽ ദിനത്തിലെ തെരുവ് വീഥിയെപ്പോലെ കിടക്കുകയാണ് പിറവത്തിന്റെ സമഗ്ര വികസനത്തിനായി കോടികൾ ചില വഴിച്ച് നിർമ്മിച്ച സ്വപ്ന പദ്ധതി. ബന്ധപ്പെട്ട അധികാരികളുടെ അനാസ്ഥ കൂടുതൽ കാര്യക്ഷമമായ പ്രൈവറ്റ് ബസ്സ്റ്റാൻഡ് എന്നിവയാണ് ഈ സ്ഥിതിക്കു കാരണമെന്നു പറഞ്ഞ് ഒഴുവാകുവാൻ കഴിയുമോ നമുക്ക്? ഒരു പക്ഷെ ശരിയായിരിക്കാം. തങ്ങളുടെ ഭരണനേട്ടങ്ങൾ ജനങ്ങളുടെ മുൻപിൽ നിരത്താൻ വെമ്പൽ കൊ ള്ളുന്ന മാറിമാറിവരുന്ന സർക്കാരുകളോ, സർക്കാരിന്റെ കോടികൾ പാഴായി പോകുന്നത് നിരുപാധികം കണ്ടുനിൽക്കുന്ന അധികൃതരോ ആവട്ടെ ഈ ദുരവസ്ഥക്കു കാരണം പക്ഷെ ഇനി നമ്മൾ ചിന്തിക്കേണ്ടത് എന്തുകൊണ്ടിങ്ങനെയെന്നല്ല എങ്ങനെ ഇത് മറികടക്കാൻ കഴിയും എന്നാണ്.

വാഹന ബാഹുല്ല്യം കൊണ്ട് ശ്വാസം മുട്ടുന്ന പ്രൈവറ്റ് ബസ്സ്റ്റാൻഡ് ഒരുമിച്ച് നാലോ അഞ്ചോ ബസുകൾ മാത്രം പാർക്ക് ചെയ്യാനുള്ള സൗകര്യം പരിമിതമായ വിശ്രമസ്ഥലം എന്നിട്ടും എന്തുകൊണ്ട് ആളുകൾ അവിടേക്ക് ആകർഷിക്കപ്പെടുന്നു. ഈ ചോദ്യ ത്തിനുള്ള ഉത്തരത്തിൽ നിന്നും നമുക്ക് KSRTC സബ്ഡിപ്പോയുടെ ദുസ്ഥിതിക്ക് കാരണം മനസിലാക്കാം ഇതിനെ വിശദമാക്കുക യാണെങ്കിൽ പിറവത്തെ ഗതാഗത സംവിധാനത്തെ കുറിച്ച് എടുത്ത് പറയേണ്ടി വരും പിറവം സബ്ഡിപ്പോ സ്ഥിതി ചെയ്യുന്നത് പ്രധാന വൺവേകളിൽ ഒന്നിലാണ് അതുകൊണ്ട് ബസുകൾ ഇവിടെയെത്താൻ വൺവേ ചുറ്റികറങ്ങി വേണം വരുവാൻ. ഇത് ദുഷ്കരവും സമയ ഇന്ധന നഷ്ടങ്ങൾക്ക് കാരണ വുമാണ്. ഇത് പരിഹരിക്കുവാനായി ഗതാഗത സംവിധാ നത്തിൽ തന്നെ ഒരു സമൂല പരിവർത്തനം വേണ്ടി വരും KSRTC ഡിപ്പോ സ്ഥിതി ചെയ്യുന്ന വൺവേ ആ പദവിയിൽ നിന്നും മാറ്റി ഇരുവശത്തേക്കും സഞ്ചാര സാധ്യമാക്കി മാറ്റണം എന്ന ആവശ്യമാണ് ഇവിടെ ഉയരുന്നത്. ഇത് സാധ്യമായാൽ പിറവം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നിന് പരിഹാരമാകും കോടികൾ മുടക്കി പിറവ ത്തിന്റെ വികസന സ്വപ്നം പൂർത്തീകരിക്കാനായി നിർമ്മിച്ച ഡിപ്പോ ഇപ്പോൾ രാത്രിയായാൽ സാമൂഹിക വിരുദ്ധരുടെ ഇടത്താവളമായി മാറികൊണ്ടിരിക്കുന്നു.

പ്രതിദിനം 58 സർവ്വീസുകൾ ഉള്ള ഈ ഡിപ്പോയിൽ നിന്നും 50 സർവ്വീസുകൾ ദിവസേന നടത്തുന്നുണ്ടെന്ന് KSRTC അവകാശപെടുമ്പോഴും കോടികൾ ചിലവഴിച്ച് നിർമ്മിച്ച ഡിപ്പോയുടെ ശോചനീ യാവസ്ഥ അധികൃതർക്കു മുന്നിൽ ഒരു ചോദ്യചിഹ്നമാണ് ഇനിയെങ്കിലും അധികാരികൾ കണ്ണ് തുറന്നില്ലെങ്കിൽ പിറവത്തെ ജനങ്ങൾ ആശിച്ച് നടപ്പാക്കിയ സബ് ഡിപ്പോ വികസനത്തെ പിന്നോട്ടടിക്കുന്ന കാഴ്ച്ച നമുക്ക് കാണേണ്ടി വരും.

# പിറവം മാർക്കറ്റ് സമുച്ചയം പ്രവർത്തനസജ്ജമായി

**രവി, ബേസിൽ, നദീം, അരുൺ**



പിറവം : പിറവം ജനതയുടെ സ്വപ്നമായിരുന്ന മാർക്കറ്റ് സമുച്ചയം പ്രവർത്തനം ആരംഭിച്ചു. നിലവിലുള്ള പൊതു മാർക്കറ്റ് എന്ന സങ്കൽപ്പം പൂർണ്ണമായും നിലനിർ ത്തികൊണ്ടും മാർക്കറ്റിൽ കച്ചവടം നടത്തിയിരുന്ന എല്ലാ കച്ചവടക്കാരേയും പുനരധി വസിപ്പിച്ചുകൊണ്ടുമാണ് പുതിയ മാർക്കറ്റ് സമുച്ചയം തുടങ്ങിയിരിക്കുന്നത്.

പുതിയ മാർക്കറ്റിന്റെ പ്രവർത്തനോദ്ഘാടനം സംസ്ഥാന ധനകാര്യ വകുപ്പു മന്ത്രി ശ്രീ.കെ.എം. മാണി നിർവ്വഹിച്ചു. ജൂൺ 5ാം തീയതി രാവിലെ 11.30 ന് നടന്ന ചടങ്ങിൽ ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സാബു.കെ. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പതിനായിരത്തിൽപരം സ്ക്വയർഫീറ്റിൽ വ്യാപിച്ചു കിടക്കുന്ന മാർക്കറ്റിൽ എല്ലാവിധ കച്ചവടക്കാർക്കും വിപണനം നടത്തുവാനും പിറവത്തെ കൃഷിക്കാർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ ന്യായ വിലക്കുവിൽക്കുവാനുമുള്ള സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്. മാർക്കറ്റിലെ മുറികളുടെ താക്കോൽദാനം ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. അനൂപ് ജേക്കബ് നിർവഹിച്ചു. പൊതുസമ്മേളനം കോട്ടയം എം.പി. ജോസ് കെ.മാണി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ പങ്കെടുത്തു.

# പിറവം വലിയ പള്ളി കത്തീഡ്രൽ പദവിയുടെ ധന്യതയിൽ



**അഗേറ്റ്, അഖില, ദിവ്യ, മനു, അശ്വതി, അരുണിമ, അനിജ**

പിറവത്തു രാജാക്കളുടെ നടയെന്ന് കേൾവി കേട്ട ദേവാലയം, പരിശുദ്ധ പാത്രിയർക്കീസ് ബാവയാൽ കത്തീഡ്രൽ പദവിയിലേക്ക് ഉയർത്തപ്പെട്ടപ്പോൾ അത് കാലാതീതമായ വിശ്വാസതീഷ്ണതക്കുള്ള അംഗീകാരം കൂടിയായി. വി, ഏഴിന്മേൽ കുർബാനാനന്തരം ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയാണ് കത്തീഡ്രൽ പ്രഖ്യാപനം നിർവ്വഹിച്ചത്. പിറവത്തെ വിശ്വാസ സമൂഹത്തിന് ഒന്നടങ്കം സന്തോഷം പ്രദാനം ചെയ്യുന്ന ഒരു പ്രഖ്യാപനം ആയിരുന്നു അത്. പെസഹ വ്യാഴാഴ്ചക്കും, ദുഃഖവെള്ളിയാഴ്ച്ചക്കും, ഉയിർപ്പ് പെരുന്നാളിനും വൻ ഭക്തജനപ്രവാഹമാണ് ഇവിടെ എത്തച്ചേരുന്നത്.

ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ഭൂജാതനായ യേശുക്രിസ്തുവും പിറവം വലിയ പള്ളിയുടെ ശിലാസ്ഥാപനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണ് ഐതീഹ്യം. ഉണ്ണിയേശുവിന്റെ ജനനത്തോടൊപ്പം കിഴക്കേവാനിൽ പ്രത്യക്ഷപ്പെട്ട ദിവ്യ നക്ഷത്ര ത്തിലൂടെ ദൈവപുത്രന്റെ ജന്മസ്ഥലം തേടി പുറപ്പെട്ട മൂന്ന് വിദ്വാന്മാർ യാത്രാ മദ്ധ്യേ ഹെറോദോസ് രാജാവിന്റെ കൊട്ടാരത്തിലെത്തുന്നു. ഈ ജ്ഞാനികളിൽ നിന്നും ലഭിച്ച അറിവ് രാജാവിനെ നിദ്രാ വിഹീനനാക്കി. യേശുവിനെ കണ്ടെത്തിയാൽ വിവരം തന്നെ അറിയിക്കണമെന്ന് രാജാവ് കല്പിച്ചെങ്കിലും പൊന്നും, മൂരും, കുന്തിരിക്കവും കാഴ്ചവച്ചു ശിശുവിനെ വണങ്ങിയ വിദ്വാന്മാർ മറ്റൊരു വഴിയിലൂടെ സഞ്ചരിച്ച് ഈ ദേശത്തെത്തി ഉണ്ണി യേശുവിനെ പ്രതിഷ്ഠിച്ച് ആരാധന നടത്തി. കാലത്തിന്റെ കുത്തൊഴുക്കിൽ പള്ളിക്കു രൂപഭേദങ്ങൾ വന്ന തുപോലെ പേരിലും മാറ്റങ്ങൾ വന്നു കൊണ്ടിരുന്നു അന്ന് വി.രാജാക്കളുടെ നാമത്തിൽ സ്ഥാപിതമായ പള്ളി ഇന്ന് വി. ദൈവമാതാവിന്റെ നാമ ത്തിൽ പുനഃർനാമകരണം ചെയ്തു. പ്രകൃതിരമണീയമായ പിറവം പുഴയുടെ തീരത്ത് ദേശത്തിനാകമാനം അനുഗ്രഹങ്ങൾ വർഷിച്ചു കൊണ്ടിരിക്കുന്ന പിറവം വലിയപള്ളി മതമൈത്രിയുടെ പ്രതീകമായി നിലകൊള്ളുന്നു.

ക്രിസ്തു ദേവന്റെ പിറവിയുമായി ബന്ധപ്പെട്ട് പിറവം എന്ന പേരുണ്ടായി, എന്ന് ഐതിഹ്യം. പിറവം പുഴ റ പോലെ വളഞ്ഞ് ഒഴുകുന്നതു കൊണ്ട് ഈ പേരുണ്ടായെന്നും പുറത്ത് പിന്നെ പ്രോത്ത് ആയും പിറവമായും മാറിയെന്നും പാഠഭേദങ്ങളുണ്ട്. മുല്ലപ്പൂ എന്നും പിറവത്തിന് അർത്ഥ മുണ്ടെന്ന് പറയുന്നു. പഴയ പിറവനം പിറവമായി ത്തീർന്ന തായും പറയപ്പെടുന്നു.

രാജാക്കന്മാരുടെ പള്ളി എന്ന അത്യപൂർവ്വമായ വിശേഷണം അവകാശപ്പെടാവുന്ന ലോകത്തിലെ ഏക ദേവാലയമാണിത്. ആ രാജാക്കന്മാരുടെ മധ്യസ്ഥം വഴി ജാതിമതഭേദമന്യേ ആയിരക്കണക്കിനു ഭക്തജനങ്ങളാണ് അനുഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞിട്ടുള്ളത്. ഒരിക്കലും വറ്റാത്ത ആ അനുഗ്രഹ പ്രവാഹം ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു.

# ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം



**അശ്വതി, മനു, അനിജ, അരുണിമ**

അദ്വൈതാമൃതമൊഴുക്കിയ ആദി ശങ്കരൻ ജനിച്ച നാടാണ് പിറവം. മേൽ പാഴൂർ മനയുടെ ഉടമസ്ഥതയിലിരുന്ന പാഴൂർ ക്ഷേത്രത്തിൽ അന്തർജ്ജനം ഭജനമിരുന്ന് ജനിച്ച കുട്ടിയാണ് ശ്രീശങ്കരൻ എന്ന് ഐതീഹ്യം. ശങ്കരന്റെ കാലം എ.ഡി. 8-ാം നൂറ്റാണ്ടെന്നു കണക്കാക്കിയാൽ അതിലേറെ പഴക്കമുണ്ടാവണം ഈ ക്ഷേത്രത്തിനും ജനപദത്തിനും. പുരാവസ്തു വകുപ്പ് പാഴൂർ ക്ഷേത്രം ഏറ്റെടുത്തപ്പോൾ കണക്കാക്കിയതനു സരിച്ച് ക്ഷേത്രത്തിലെ കൊത്തുപണികൾ 14-ാം നൂറ്റാണ്ടിലേതാണ്. തലക്കുളത്തൂർ ഭട്ടതിരി പാഴൂർ ക്ഷേത്രം പുതുക്കിപ്പണിതു എന്ന ഐതീഹ്യമനുസരിച്ചാണെങ്കിൽ പന്ത്രണ്ടാം നൂറ്റാണ്ടിലാവണം ഈ പുതുക്കിപ്പണിയൽ.

ശ്രീമൂലം സഭ തിരുകൊച്ചിസഭ തുടങ്ങിയ വയിലെല്ലാം പിറവത്തിന് പ്രതിനിധി ഉണ്ടായിരുന്നു. ഐക്യ കേരള പിറവിക്ക് ശേഷം 1977 ലാണ് പിറവം നിയമസഭാ മണ്ഡലമായത്. 1952നു മുമ്പ് പിറവത്ത് വില്ലേജ് യൂണിയനാണ് ഉണ്ടായിരുന്നത്. 1964 ൽ പഞ്ചായത്തായി.

പാഴൂർ പടിപ്പുര, ശിവരാത്രി മണപ്പുറം, വലിയ പള്ളി തുടങ്ങിയ ഐതീഹ്യ പ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രങ്ങളും പിറവത്തുണ്ട്. രണ്ടേക്കറോളം വിസ്തൃതിയുള്ള മണൽപ്പുറം, സ്ഥിരമായ നടപ്പാലം, ബലിത്തറ എന്നിവയും പ്രസിദ്ധമായ പാഴൂർ അമ്പലത്തിന്റെ പ്രത്യേകതകളാണ്. കേരളത്തിൽ ബ്രാഹ്മണരെത്തുന്നത് എ.ഡി. നാലോ അഞ്ചോ നൂറ്റാണ്ടിലായിരുന്നു എന്നാണ് പൊതു നിഗമനം. അധിവാസമുറപ്പിച്ച അവർ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത ക്ഷേത്രങ്ങൾ ഇന്നും കാണുന്നു. ഏകദേശം പൂർണ്ണമായ ഒരു കേരള ചരിത്രം ഇന്നേവരെ നമുക്ക് ലഭ്യമല്ല. എന്നാൽ പ്രാചീന കേരളത്തെക്കുറിച്ചുള്ള ഏതു ചരിത്ര രചനയിലും പാഴൂർ ക്ഷേത്രവും പടിപ്പുരയും കടന്നുവരുന്നതായി കാണാം. പിറവം ഒട്ടേറെ പ്രതിഭാധനരെ സംഭാവന ചെയ്തിട്ടുണ്ട്. പെരുമ്പടവം ശ്രീധരൻ, ജോർജ്ജ് ഓണക്കൂർ, ടി.എം. ജേക്കബ്ബ്, ലാലു അലക്സ്, കൃഷ്ണൻകുട്ടി മാരാർ, ധന്യാമേരി വർഗീസ്, രമേഷ് പിഷാരടി, സാജൻ പിറവം അങ്ങനെ തുടരുന്നു. ഇതൊരു അപൂർണ്ണ ചരിത്രമാണ്. ഒരു തിരിഞ്ഞുനോട്ടം മാത്രം. ഇനിയുമൊട്ടേറെ പ്രതിഭകളുടെ പാദനിസ്വനത്തിന് കാതോർത്തുകൊണ്ട് പിറവം പുഴ ശാന്തമായൊഴുകുന്നു.

# പിറവം ഗവ. ആശുപത്രി പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ

**ജോഷ്മി, ജിൻഷാ, ആർഷിയ**



1937 ൽ പ്രവർത്തനം ആരംഭിച്ച പിറവം ഗവൺമെന്റ് ആശുപത്രി സപ്തതിയുടെ നിറവിൽ. ആഴ്ച്ചയിൽ രണ്ടു ദിവസം മാത്രമായി പ്രവർത്തനം ആരംഭിച്ച ആശുപത്രി 75 വർഷം പിന്നിടുമ്പോൾ എല്ലാവിധ ആധുനിക സൗകര്യങ്ങളാലും സജ്ജീകൃതമാണ്.

24 മണിക്കൂറും പ്രവർത്തന സജ്ജമായ അത്യാഹിത വിഭാഗവും ആധുനിക സൗകര്യങ്ങളുള്ള ആബുലൻസും ലേബർ റൂമും നല്ല ഒരു ലാബും ഇവിടെ പ്രവർത്തിച്ചു വരുന്നു. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ എല്ലാതന്നെ ലഭ്യമാകുന്ന ഫാർമസി ആശുപത്രിയുടെ മറ്റൊരു മുതൽ കൂട്ടാണ്. കൂടാതെ 8 ാം വാർഡിലെ സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. സ്ഥിരമായി 45 സ്റ്റാഫുകളും, 20 താൽക്കാലിക ജീവനക്കാരും ആശുപത്രിയിൽ സേവനം ചെയ്യുന്നുണ്ട്. വർഷകാലത്തിന്റെ വരവോടെ വന്നമഴക്കാലരോഗങ്ങളെ തടയാൻ ആശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഹെൽത്ത് വിംഗ് അവബോധന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് മാതൃകാപരമാണ്.

നൂറോളം ബഡ്ഡുകൾ ഉള്ള ആശുപത്രിയിൽ സ്പെഷ്യലിസ്റ്റുകളുടെ അഭാവവും നിലവാരം കുറവുള്ള എക്സ്റേ റൂമും മാത്രമാണ് പോരായമകൾ. മതിയായ സൗകര്യങ്ങൾ ഉണ്ടായിട്ടും ഇത് ഒരു താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടില്ല. അതിനായുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. പരിമിതികൾക്കിടയിലും മികവുറ്റ പ്രവർത്തന സന്നദ്ധതയാണ് സ്തുത്യർഹ സേവനം കാഴ്ച്ച വയ്ക്കുവാൻ ആശുപത്രിക്കു തുണയായത് എന്ന് സൂപ്രണ്ട് നസീമ അഷ്റഫ് പറഞ്ഞു.

# വികസനത്തിന്റെ വിനോദസഞ്ചാരം



1187 മിഥുനം - കർക്കിടകം

1433 ഷഹബാൻ - റംസാൻ

2012 ജൂലൈ

## ടൂറിസം കേന്ദ്രത്തിന് അനുബന്ധമായി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഒരു വൻ കുതിച്ചു ചാട്ടം തന്നെ കൂരിമല നടത്തും

കൂരിമല വിനോദ സഞ്ചാരകേന്ദ്രമാക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ, അടിസ്ഥാന സൗകര്യങ്ങളുടെ പോലും അപര്യാപ്തത മൂലം ദുരിതം അനുഭവിച്ചിരുന്ന കൂരിമല നിവാസികൾക്ക് അത് പ്രതീക്ഷയുടെ വെള്ളിവെളിച്ചമായി. മുപ്പതോളം കുടുംബങ്ങൾ മാത്രമാണ് കൂരിമലയിൽ ഇപ്പോഴുള്ളത്. അതിൽ ഇരുപത്തിയൊൻപതും ബി.പി.എൽ കുടുംബങ്ങളാണെന്ന വസ്തുത തന്നെ കൂരിമല നിവാസികളുടെ ജീവിത സാഹചര്യം വിളിച്ചോതുന്നതാണ്. കുടിവെള്ളത്തിന്റെ ദൗർലഭ്യതയും യാത്രാദുരിതവുമാണ് കൂരിമലക്കാരുടെ പ്രധാനപ്രശ്നങ്ങൾ. പാറയിടുക്കുകളും കല്ലുകളും നിറഞ്ഞ വഴി വരു വലിയ പോരായ്മയാണ് പ്രാഥമികാരോഗ്യ കേന്ദ്രമൊ, അടിയന്തിര വൈദ്യ സഹായമോ ഇനിയും ലഭ്യമല്ലാത്ത കൂരിമലയിൽ ഒരാളെ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ ഒന്നരമണിക്കൂറോളം ഈ കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ സഞ്ചരിക്കണം. അതുപോലെ തന്നെ വേനൽക്കാലത്ത് കുടിവെള്ളത്തിനായി ഒന്നര കിലോമീറ്റർ നടക്കേണ്ട അവസ്ഥയാണ്. വർഷങ്ങൾക്കുമുമ്പ് ഭാഗികമായി പണിപൂർത്തിയാക്കിയ ഒരു ടാങ്ക് മാത്രമാണ് കുടിവെള്ളത്തിനുള്ളകൂരിമലക്കാരുടെ ഏക ആശ്രയം.

ഈ ജീവിത നിലവാരത്തിൽ നിന്നും ഒരു ഉയർത്തെഴുന്നേൽപ്പാണ് കൂരിമല വിനോദ സഞ്ചാര മേഖലയുടെ വരവോടെ ജനങ്ങൾ സ്വപ്നം കാണുന്നത്. ജില്ലയിലെ ഉയരം കൂടിയ രണ്ടാമത്തെ സ്ഥലമായി വളരെ പണ്ടേ ടൂറിസം മാപ്പിൽ ഇടം നേടിയിരുന്നെങ്കിലും ഇതുവരെ പദ്ധതികളോ ചർച്ചകളോ ഒന്നും കൂരിമലയെ കടാക്ഷിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജോസ്.കെ.മാണി എം. പി. ടൂറിസം മന്ത്രിയുമായി നടത്തിയ ചർച്ചകളുടെ ഫലമായി ടൂറിസം കൗൺസിൽ ചീഫ് ആർക്കിടെക്ട് രഘുരാമൻ സ്ഥലം സന്ദർശിച്ചത്. ടൂറിസം കൗൺസിലിന്റെ പരിഗണനയിലുള്ള പദ്ധതി പ്രാവർത്തികമാവുകയാണെങ്കിൽ പദ്ധതിയുമായി ബന്ധപ്പെട്ടുതന്നെ കൂരിമല നിവാസികളുടെ ജീവിത സാഹചര്യത്തിൽ പുരോഗമനം ഉണ്ടാകുമെന്നത് സുനിശ്ചിതമാണ്. എന്നാൽ പാറപൊട്ടിക്കുന്നതുമൂലം ജല ലഭ്യത കുറയുമെന്ന് ഭൗമ ശാസ്ത്രജ്ഞരുടെ അഭിപ്രായം പദ്ധതിയെ പിന്നോട്ടടിക്കുന്നുണ്ട്. ഇതിന് പ്രതിവിധിയെന്നോണം കൂരിമലക്കാരുടെ എക്കാലത്തെയും ശാപമായ കുടിവെള്ളക്ഷാമം പരിഹരിക്കത്തക്കവിധം മറ്റു ജലവിതരണ പ്രക്രിയകൾ നടപ്പിലാക്കിയാൽ അത് പദ്ധതിയുടെ നടത്തിപ്പിനും കൂരിമലയുടെ വികസനത്തിനും മുതൽ കൂട്ടാകും.

വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വരവോടെ കൂരിമല ജനശ്രദ്ധയാകർഷിച്ചാൽ സ്വാഭാവികമായും വിനോദ സഞ്ചാരികളുടെ തള്ളികയറ്റം ഉണ്ടാകുകയും ഒപ്പം ഗതാഗതസൗകര്യം മെച്ചപെടുത്താൻ പൊതുമരാമത്ത് വകുപ്പ് നിർബന്ധിതമാകുകയും ചെയ്യും. മാത്രവുമല്ല ടൂറിസം കേന്ദ്രത്തിന്റെ അനുബന്ധമായി അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനത്തിൽ ഒരു വൻ കുതിച്ചു ചാട്ടം തന്നെ കൂരിമല നടത്തും.

# വായിക്കാത്ത സമൂഹത്തിന് പ്രകാശപൂരിതമായ ഭാവി ഉണ്ടാകില്ല

അശ്വതി, മനു, അനിജ, അരുണിമ



➢ **സാഹിത്യ ജീവിതം എങ്ങനെ മുന്നോട്ടു പോകുന്നു?**

വായിച്ചും എഴുതിയും ഒക്കെ ഇതുവരെ ജീവിച്ച ജീവിതം തുടർന്നു പോകുന്നു.

➢ **നാടിനെപ്പറ്റി ഓർക്കുമ്പോൾ ഗൃഹാതുരത്വ സ്മരണകൾ എന്തെങ്കിലും?**

എന്റെ നാടിനേക്കുറിച്ച് ഓർക്കുമ്പോൾ വളരെ അധികം സന്തോഷം എനിക്കുണ്ടാകും. 45 വർഷത്തോള മായി ഞാൻ തിരുവനന്തപുരത്താണ് താമ സിക്കുന്നത്. അവിടുത്തെ എന്റെ എഴുത്തുമുറിയിൽ ഞാൻ എഴുതാനിരിക്കുമ്പോൾ എന്റെ മനസ്സ് പെരുമ്പടവത്തെ ചെറിയ വീട്ടിലായിരിക്കും. അത്ര അധികം പ്രിയപ്പെട്ട താണ് എനിക്കെന്റെ നാട്.

➢ **താങ്കളുടെ കുടുംബം?**

എന്റെ ഭാര്യ 4 മക്കൾ വിവാഹം കഴിഞ്ഞ് അവര വരുടെ ജീവിതവുമായി തിരക്കിൽ ഇടക്കിടക്ക് വരും. ഇപ്പോൾ ഞാനും ഭാര്യയും തനിയെ എന്റെ വീട്ടിൽ താമസിക്കുന്നു.

➢ **വിദ്യാർത്ഥികളിൽ വായനാശീലം കുറഞ്ഞു വരുന്നു എന്നതാണ് വിമർശനങ്ങൾ താങ്കൾക്കെന്തു തോന്നുന്നു.?**

വിദ്യാർത്ഥികളിൽ വായനാശീലം കുറഞ്ഞുവരുന്നത് ഭാവിയുടെ ദുരന്തസൂചനയാണ്. വായിക്കാത്ത ഒരു സമൂഹത്തിന് പ്രകാശ പൂരിതമായ ഒരുഭാവി ഉണ്ടാകില്ല

വായന ഇല്ലാത്ത ഒരാൾ അയാളുടെ ഉള്ളിൽ തന്നെ ചീഞ്ഞുകൊണ്ടിരിക്കുകയാണ്. വായനാശീലമില്ലാത്ത ഒരുവനെ ഒരു ശവശരീരം എന്നു വിശേഷിപ്പിക്കാനേ എനിക്കു സാധിക്കൂ. വായനാശീലമില്ലാത്ത ഒരുമനുഷ്യന്റെ ജീവിതം സൂര്യനുദിക്കാത്ത ഭൂഗണ്ഡം പോലെയായിരിക്കും.

➢ സാഹിത്യ ജീവിതത്തിൽ താങ്കൾക്ക് ഏറ്റവുമധികം പ്രചോദനം നൽകിയ വ്യക്തി?

പേരുകൾ പറയാൻ തുടങ്ങിയാൽ നീണ്ടുപോകും. എങ്കിലും 'വൈക്കം മുഹമ്മദ് ബഷീർ' എനിക്ക് വളരെ ഇഷ്ടപ്പെട്ട ഒരെഴുത്തുകാരനാണ്. ലോകസാഹിത്യം എടുക്കുകയാണെങ്കിൽ ദസ്തയേവിസ്ക്കി

➢ **ഒരു സങ്കീർത്തനം പോലെ എന്ന നോവലിന് പുരസ്ക്കാരങ്ങൾ ലഭിച്ചപ്പോൾ എന്താണ് ആദ്യം മനസ്സിലേക്ക് കടന്നുവന്നത്?**

ഒരു സങ്കീർത്തനം പോലെ എഴുതുന്ന സമയത്ത് ഭ്രാന്തുപിടിച്ചതുപോലെയായിരുന്നു എനിക്ക്. ആ സമയത്ത് എന്റെ ഉള്ളിൽ ഒരുപച്ചമരം കത്തിക്കൊണ്ടിരിക്കുന്നതുപോലെ തീവ്രമായി വേദന അനുഭവിച്ചു. ഇത്ര അധികം വേദന അനുഭവിച്ച് ഞാൻ എഴുതിക്ക ഴിഞ്ഞപ്പോൾ ഇത് ആരെങ്കിലും വായിക്കുമോ എന്നൊരു ഭയം എനിക്കുണ്ടായിരുന്നു. അഭയം തുടങ്ങിയുള്ള എന്റെ രചനകളിൽ ഒന്നിനേക്കുറിച്ചും ഇങ്ങനൊരുഭയം എനിക്കില്ലായിരുന്നു.

ദസ്തയോവിസ്കിയേക്കുറിച്ചെഴുതുമ്പോൾ പ്രപഞ്ചം മുഴുവൻ എന്റെ മനസ്സിൽ വന്നുനിറയുമെന്ന് അതെഴുതിയ സമയത്ത് എനിക്കു മനസ്സിലായിരുന്നില്ല. പിന്നെ വയലാർഅവാർഡ് ലഭിച്ചപ്പോൾ എനിക്ക് അതി ലേറെ സന്തോഷം തോന്നി. കാരണം വയലാർ എനിക്ക് വളരെ പ്രിയപ്പെട്ട ഒരു എഴുത്തുകാരനാണ്.




➢ **പിറവത്തെ രാഷ്ട്രീയ സാഹചര്യത്തെപ്പറ്റി താങ്കളുടെ അഭിപ്രായം?**

ഞാനൊരു രാഷ്ട്രീയക്കാരനല്ല. പക്ഷെ രാഷ്ട്രീയമായ ഒരു അവബോധം ഞാൻ സൂക്ഷിച്ചിട്ടുണ്ട്. എന്നു കരുതി ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ കീഴിൽ പ്രവർത്തിക്കുന്നതിനോട് എനിക്ക് താല്പര്യമില്ല. ചുരുക്കി പറയുകയാണെങ്കിൽ മനുഷ്യനുചേരാൻ കഴിയുന്ന ഒരു പാർട്ടിയും ഇന്നില്ല. അതുകൊണ്ടുതന്നെ ഒരു രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കാനോ ഒരു രാഷ്ട്രീയ പാർട്ടിയെ പിൻതാങ്ങാനോ ഞാൻ ആഗ്രഹിക്കുന്നില്ല.

➢ **കേരള രാഷ്ട്രീയ ത്തിൽ പ്രധാനമായും റ്റി.പി വധക്കേസ്സും അതിനോടനുബന്ധിച്ച സംഭവവികാസ ങ്ങളിലും സാംസ്കാരിക നായകൻമാർ ഇടപെടുന്നില്ല എന്ന വാദത്തോട് അങ്ങയുടെ പ്രതികരണം?**

പ്രതികരിച്ചല്ലോ, പലരും പ്രതികരിച്ചു. രാഷ്ട്രീയമായ പകയുടെ പേരിൽ ആരെയെങ്കിലും കൊല്ലുന്നത് ശരിയല്ല. അങ്ങ നെയുള്ളവർ ശരിയായ രാഷ്ട്രീയക്കാരല്ല. ഞാൻ ഏതെങ്കിലും ഒരു പാർട്ടിയെ വിമർശിച്ചു പറയുന്നതല്ല. ഇത്തരത്തിലുള്ള പകപോക്കലുകൾ ഒരു നല്ല രാഷ്ട്രീയക്കാരനു ചേർന്നതല്ല.

ഒരു പ്രത്യയശാസ്ത്രം അതിനുള്ളിൽ തന്നെ ഇല്ലാതാകുന്നു എന്നാണ് ഈ ആയുധമെടുക്കലിന്റെ അർത്ഥം.

➢ **ചെറുപ്പം മുതലേ എഴുത്തിന്റെ ലോകം ഇഷ്ടമായിരുന്നോ?**

വായന കുട്ടിക്കാലം മുതൽ തന്നെ ഉണ്ടായിരുന്നു ഏകാന്തമായ ഒരു കുട്ടിക്കാലമായിരുന്നു എനിക്കുണ്ടായിരുന്നത്. സുഹൃത്തുക്കളില്ലാത്ത ഒരു കുട്ടിക്കാലം. അതുകൊണ്ടുതന്നെ എനിക്കൊരുപാടു സമയം ഉണ്ടായിരുന്നു വായിക്കാൻ. വായനയിലൂടെ ഞാനെന്റെ വിശപ്പും, ദാഹവും, സങ്കടവും എല്ലാം മറന്നു. ആ വായനയാണ് എന്നെ എഴുത്തിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയത്.

➢ **വളർന്നു വരുന്ന തലമുറയോടുള്ള അങ്ങയുടെ വിലയേറിയ ഉപദേശം?**

ഇന്നത്തെ തലമുറയുടെ ഒരു ദൗർഭാഗ്യമാണ് നല്ല മാതൃകകളില്ല എന്നത്. അവർക്ക് നോക്കി പഠിക്കാൻ ഇന്നാരുമില്ല. ഒരു പാർട്ടിയുടെയും പ്രേരണയിൽ പെടാതെ ജീവിക്കുക.

വായിക്കണം, പഠിക്കണം, ചിന്തിക്കണം......

# ജനറൽനോളജ് അല്ല ജനറൽ അവയർനസ് ആണ് വേണ്ടത്

♦ **സിവിൽസർവ്വീസ് പരീക്ഷയിൽ കേരളത്തിൽ ഒന്നാമതെത്തിയ എ.ആർ രാഹുൽനാഥ് പറയുന്നു.**

**അഞ്ജു, വീണ, ശ്രീലക്ഷ്മി**

➢ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിച്ച വാർത്തയറിഞ്ഞപ്പോൾ പെട്ടെന്ന് മനസ്സിലേക്ക് ഓടിയെത്തിയതെന്താണ്?

പ്രതീക്ഷിക്കാതെ വന്ന വിജയം ആയത് കൊണ്ട് ഈ വിജയം ഉൾകൊള്ളാൻ സമയം എടുത്തു. പല തവണ റിസൾട്ട് നോക്കിയതിനു ശേഷമാണ് വിശ്വസിക്കാൻ കഴിഞ്ഞത്. അത് വരെ മനസ്സ് വളരെ ബ്ലാങ്ക് ആയിരുന്നു.

➢സിവിൽ സർവ്വീസ് ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിച്ചപ്പോൾ ഉണ്ടായ അനുഭവം എന്തായിരുന്നു.?

ഒരിക്കലും ഒരു ഇന്റർവ്യൂ ബോർഡിനെ അഭി മുഖീകരിക്കുന്നതായിട്ട് അനുഭവപ്പെട്ടില്ല. പത്തുമുതൽ പതിനഞ്ച് മിനിറ്റ് കൊണ്ട് നമ്മുടെ പേഴ്സണാലിറ്റി അളക്കുകയാണ്.



➢ ഈ ഉന്നത വിജയം കൈവരിക്കാൻ ആരാണ് കൂടുതൽ പ്രോത്സാഹിപ്പിച്ചത്?

ഇങ്ങനെ ഒരു പരീക്ഷ എഴുതുമ്പോൾ എറ്റവും അത്യാവശ്യം ഫാമിലി യുടെ സപ്പോർട്ടാണ്. എന്നെ ഏറ്റവും കൂടുതൽ സപ്പോർട്ട് ചെയ്തത് എന്റെ ഫാമിലി യാണ്. ശ്രീ ചിത്തിര എൻജീനിയറിംഗ് കോളജിൽ എന്നെ പഠിപ്പിച്ച അദ്ധ്യാപകരും ഒരു പാട് സഹായിച്ചിട്ടുണ്ട്

➢ജീവിതം പഠനത്തിനു വേണ്ടി സമർപ്പിച്ചിരുന്നോ?

ഒരിക്കലും ഇല്ല! സാധാരണ രീതി പഠിത്തമായിരുന്നു. എപ്പോഴും പഠിക്കാതെ സൊസൈറ്റിയുമായി ഇടപെടുകയും, സാമൂഹിക പ്രസക്തിയുള്ള കാര്യങ്ങളെ കുറിച്ച് ചിന്തിക്കു കയും ചെയ്തിരുന്നു.

➢റോൾമോഡൽ ആരായിരുന്നു?

മലയാറ്റൂർ രാമകൃഷ്ണൻ ആയിരുന്നു.

➢ മലയാറ്റൂരിനെയും ബാബുപോളിനേയും ജയകുമാറിനേയും പോലെ ഐ.എ.എസ് എഴുത്തുകാരനായി തീരുമോ?

സാധ്യത ഇല്ലാതെ ഇല്ല. കവിതയോടും ഇഷ്ടമുണ്ട്. ഒ.എൻ.വിയേയും കെ.ജയകുമാറിനേയും ഇഷ്ടമാണ്.

➢ ഉയർന്ന ശമ്പളം ഉള്ള ഇൻഫോസിസിലെ ജോലി വേണ്ടെന്ന് വെച്ച് സിവിൽ സർവ്വീസ് തിരഞ്ഞെടുക്കാൻ കാരണമെന്തായിരുന്നു?

ബി.ടെക്കിന് കിട്ടിയ വിഷയം ഇലക്ട്രോണിക്സ് ആയിരുന്നു. അതിൽ എനിക്ക് തീരെ താല്പര്യം ഇല്ലായിരുന്നു. അന്ന് എൻട്രൻസ് ആയിരുന്നു ഏക ഓപ്ഷൻ. എൻജീനിയറിംഗ് അവസാന വർഷം ആയപ്പോഴാണ് സിവിൽ സർവ്വീസിനെ കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചതും അതിൽ താത്പര്യം ജനിച്ചതും. തിരുവനന്തപുരം എന്റെ സിവിൽ സർവ്വീസ് മോഹങ്ങൾക്ക് നല്ലൊരു പ്ലാറ്റ്ഫോം ആയിരുന്നു.

➢ നോർത്ത് ഇന്ത്യയെ അപേക്ഷിച്ച് കേരളത്തിൽ സിവിൽ സർവ്വീസ് റാങ്കുകളുടെ എണ്ണം കുറവാണ് ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

നോർത്ത് ഇന്ത്യൻസ് വളരെ കഠിനാദ്ധ്വാനികളാണ്. ലക്ഷ്യം കൈവരിക്കുന്നത് വരെ പ്രയത്നിക്കാൻ അവർ തയ്യാറാണ്. എന്നാൽ കേരളീയർ ഒന്നോ രണ്ടോ തവണ പരാജയപ്പെടുന്നതോടെ ലക്ഷ്യത്തിൽ നിന്ന് പിന്മാറുന്നു. തുച്ഛമായ ശമ്പളം ലഭിക്കുന്ന ജോലിയിൽ പോലും അവർ തൃപ്തരാണ്. അതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല.

➢ സിവിൽ സർവ്വീസിനു തയ്യാറെടുക്കുന്നവരോട് താങ്കൾക്കെന്താണ് പറയാനുള്ളത്?

ജനറൽ നോളജ് അല്ല വേണ്ടത്. പരന്ന വായനയേക്കാൾ ആഴത്തിലുള്ള വായനയാണ് വേണ്ടത്. ജനറൽ അവയർനെസ്സാണ് വേണ്ടത്. പത്ത് പുസ്തകം വായിക്കുന്നതിനേക്കാൾ ഒരു നല്ല പുസ്തകം വായിക്കുന്നത് ഗുണം ചെയ്യും.

എന്ത് പഠിക്കണം എന്നതിനേക്കാൾ എന്ത് പഠിക്കരുത് എന്നതിനെപ്പറ്റി ധാരണ വേണം.

ഒറ്റയ്ക്കിരുന്ന് പഠിക്കുന്ന തിനേക്കാൾ ഗ്രൂപ്പ് സ്റ്റഡി ഗുണം ചെയ്യും.

മോക് എക്സാമുകളെ വെറുതെ വിടരുത്. എഴുതി ശീലിക്കണം.

സിവിൽ സർവ്വീസിനു തയ്യാറെടുക്കുന്നുവെന്ന ഭാവത്തിൽ പുറത്തു നടക്കുന്ന കാര്യങ്ങൾ അവഗണിക്കരുത്. പ്രാദേശിക വിശേഷങ്ങൾ അറിയണം. കൃത്യമായ സ്റ്റഡി മെറ്റീരിയൽ മാത്രം തിരഞ്ഞെടുക്കുക.

# കാലൻകുടയുംതുണിസഞ്ചിയും

**ഡിസ്നി, ടാനിയ, സ്വാതി, ജോഷ്മി**

കൈയ്യിൽ ഒരു കാലൻകുടയും തോളിൽ തുണി സഞ്ചിയും മുഖത്ത് ഒരു സോഡാകുപ്പി കട്ടികണ്ണടയും ധരിച്ച വ്യക്തിയെന്നു പറയുമ്പോൾ സ്വാഭാവിക മായും മനസിലേക്ക് കടന്നുവരിക ഒരു വയോവൃദ്ധന്റെ ചിത്രമായിരിക്കും എന്നാൽ ഇതേ വേഷത്തിൽ ഒരു യുവാവിനെ കണ്ടാൽ അത്ഭുതപ്പെടേണ്ട. കാരണം, ആൾകൂട്ടത്തിൽ ശ്രദ്ധിക്കപ്പെടുവാൻ ക്യാമ്പസ് കണ്ടെത്തിയ പുതിയ അടവാണ് ഈ അപ്പൂപ്പൻ ഫാഷൻ.

ഫൈവ് ഫോൾഡ് കുടകൾ വിപണി കീഴടക്കുന്ന ഈ കാലഘട്ടത്തിൽ അവയെ അപ്പാടെ അവഗണിച്ചുകൊണ്ട് കാലൻകുടകൾക്ക് പിന്നാലെ പായുകയാണ് ക്യാമ്പസ്. പിടിയിലും ശീലയിലും രൂപത്തിൽ വന്ന ചില മാറ്റങ്ങൾ ഒഴിച്ചാൽ പഴമക്കാ രുടെ കാലൻകുടതന്നെയാണ് പുതിയ തലമുറയുടെ ഈ പുത്തൻ കുട. ആദ്യമൊക്കെ ആൺകുട്ടികൾക്കായിരുന്നു കാലനോടു കമ്പമെങ്കിൽ ഇന്ന് പെൺകുട്ടികളും കാലനെ കൈവിടുന്നില്ല ഒരു കാലൻ കൈയ്യിലുണ്ടെങ്കിൽ ബസിലും മറ്റും ഞരമ്പുരോഗികൾക്കിട്ടു പണികൊടുക്കാൻ വേറെ ആയുധം വേണ്ടല്ലോ എന്ന ന്യായവാദവും അവർ മുന്നോട്ട് വെക്കുന്നു.

പഴയകാല മലയാള സിനിമകളിൽ സത്യൻ മാഷിന്റെയും ശങ്കരാടി യുടെയുമെല്ലാം മുഖത്തി നഴകയിരുന്ന ആ പഴയ സോഡാ കുപ്പി കണ്ണടയാണ് ഇന്ന് ക്യാമ്പസിലെ മറ്റൊരു താരം. കവിളുകളിലേക്ക് ഇറങ്ങിനിൽക്കുന്ന വലിയ ഫ്രെയിമുള്ള ഇത്തരം കണ്ണടകൾക്ക് കറുപ്പും, വെളുപ്പും മഴവിൽ നിറങ്ങളും നൽകി ഫാഷൻ തരംഗം തീർക്കുകയാണ് യുവത്വം.

വാവലുകളെ പോലെ മുതുകിൽ അള്ളിപിടിച്ചു കിടക്കുന്ന ഇരട്ടകൈയ്യൻ ബാഗുകൾക്ക് അന്ത്യം കുറിച്ചു കൊണ്ട് ക്യാമ്പസിൽ അവതരിച്ചിരിക്കുന്നത് മറ്റാരുമല്ല നമ്മുടെ തുണി സഞ്ചി തന്നെ പണ്ട് ശബരിമല അയ്യപ്പന്മാരും, ഊശാൻ താടി വെച്ച ബുദ്ധിജീവികളും മാത്രം ഉപയോഗിച്ചിരുന്ന തുണി സഞ്ചി ഇന്ന് യുവാക്ക ളുടെയും മനം കവർന്നിരിക്കുന്നു. ക്യാമ്പസിലെ താരങ്ങളായി നിൽക്കുന്ന കാലൻ കുടയോടും, കട്ടികണ്ണട യോടും ഇണങ്ങി നിൽക്കുന്നതുകൊണ്ടും പോക്കറ്റിന്റെ സുഹൃത്തായതുകൊണ്ടും തുണിസഞ്ചി ക്യാമ്പസിൽ സൂപ്പർഹിറ്റ്.

ഫ്ളിപ്പ് ഫ്ളോപ്പ്, പേരുകേട്ട് ഞെട്ടണ്ട, പഴയ വള്ളി ചെരുപ്പാണ് സംഗതി. പച്ചയും മഞ്ഞയും പോലുള്ള കടുംനിറങ്ങൾ നൽകി വള്ളി ചെരുപ്പിനെയും ക്യാമ്പസ്



രണ്ടുകൈയുംനീട്ടി സ്വീകരിച്ചിരിക്കുന്നു.

എന്തു ചെയ്താലും അത് വ്യത്യസ്തമായി ചെയ്യുക എന്നതാണ് ഇന്ന ത്തെ യുവാക്കളുടെ ഫാഷൻ മന്ത്രം. ഈ ചിന്താഗതിതന്നെയാകാം പഴമക്കാരുടെ ജീവിത ശൈലി കടമെടുക്കുവാൻ അവരെ പ്രേരിപ്പിച്ചത്. ഏതായാലും പഴമക്കാരുടെ ഫാഷൻ പുതിയ കുപ്പിയിൽ അവതരിപ്പിച്ചപ്പോൾ സംഗതി വിജയിച്ചു എന്നു പറയാതെവയ്യ.

# ജനങ്ങളുടെ സ്വന്തം പിറവം പോലീസ്




**ജെഫ്രിൻ, റിയാസ്, ഡിസ്നി, ടാനിയ**

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന നിയമ പാലകരാണല്ലൊ പോലീസ്. എന്നാൽ യാഥാസ്ഥിതിക ചിന്താഗതിക്കാരായ മലയാളികൾ പേടിക്കപ്പേടേണ്ട ഒരു വിഭാഗമായി പോലീസിനെ കണക്കാക്കിപോരുന്നു. ജനങ്ങളുടെ ഈ മിഥ്യാവബോധം ദൂരികരിച്ച് പോലീസും ജനങ്ങളുമായു ള്ള ബന്ധം ശക്തമാക്കുന്ന തിനുവേണ്ടി കേരള പോലീസ് അവിഷ്കരിച്ച ഒരു ആശയമാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകൾ അത്തരമൊരു ജനമൈത്രി പോലീസ് സ്റ്റേഷനാണ് പിറവത്തേത്. പിറവത്ത് ജനമൈത്രി എന്നത് കേവലം പേരിൽ ഒതുങ്ങുന്നതല്ല മറിച്ച് ഊർജ്ജസ്വലമായ പ്രവർത്തനങ്ങളാൽ സംപുഷ്ടമാണെന്ന് കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ സബ് ഇൻസ്പെക്ടർ ഉലഹന്നാൻ പറയുന്നു.

പോലീസിനെ ജനകീയമാക്കുന്നതിന്റെ ആദ്യപടി എന്നത് ജനങ്ങളെ പ്പറ്റി കൂടുതൽ അറിയുക എന്നതാണ് അതുകൊണ്ടു തന്നെ പിറവം പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ഒരു സർവ്വേ നടത്തുകയും അതിൽ തന്നെ മുതിർന്ന പൗരന്മാരുടെ വീടുകളും ഒരു വ്യക്തി ഒറ്റക്കുതാമസിക്കുന്ന വീടുകളും പ്രത്യേകം പരിഗണിക്കുകയും ചെയ്യുന്നു. ഇതിനു ശേഷം എല്ലാമാസവും ജനമൈത്രി സുരക്ഷാസമിതി കൂടുന്നു. സമൂഹത്തിലെ കറപുരളാത്ത വ്യക്തിത്ത്വങ്ങളെയാണ് ഇത്തരം സമിതിയിലേക്ക് ക്ഷണിക്കുക. ഇങ്ങനെ സർവ്വേ നടത്തുമ്പോഴുംസമിതി കൂടുമ്പോഴും യൂണി ഫോമിലാകും നിയമപാല കർ പങ്കെടുക്കുക. ഇത് ജനങ്ങൾക്ക് കാക്കികുപ്പായ ത്തോടു ള്ള ഭയം ഒഴിവാ ക്കാൻ സഹായകമാകുന്നു.

കുറ്റകൃത്യങ്ങൾ തടയുക, പോലീസുമായി മെച്ചപ്പെട്ട പൊതുജന സഹകരണം ഉറപ്പാക്കുക, ജനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക എന്നിവയാണ് ജനമൈത്രി പോലീസിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടി പിറവം പഞ്ചായത്തിനെ 8 ബീറ്റുകളായി തിരിച്ചിരിക്കുന്നു. ഓരോ ബീറ്റിനും ഒരു ബീറ്റോഫിസറും ഒരു വനിത അസി. ബീറ്റ് ഓഫീസറും ഉണ്ടാകും ഒരു ബീറ്റിൽ 1000 ത്തിൽ താഴെ വീടുകൾ മാത്രമാണുള്ളത് അതുകൊണ്ടു തന്നെ ഒരു കുടുംബത്തിലെ ഒരു വ്യക്തിക്കെങ്കിലും തന്റെ ബീറ്റിലെ ഓഫീസർ മുഖേന പോലീസുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നു. വനിത അസി. ബീറ്റ് ഓഫീസർ മുഖേന സ്ത്രീകൾക്ക് തങ്ങളുടെ സ്വകാര്യ പ്രശ്നങ്ങളും പരാതികളും പോലീസിനെ അറിയിക്കാനും സഹായം തേടാനും സാധിക്കുന്നു.

ഒരു ജനമൈത്രി പോലീസ് സ്റ്റേഷനിൽ കൺവീനറായി സർക്കിൾ ഇൻസ്പെക്ടറും സെക്രട്ടറിയായി പ്രിൻസിപ്പാൾ സബ് ഇൻസ്പെക്ടറും കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർ ആയി സബ് ഇൻസ്പെക്ടറും ബീറ്റ് ഓഫീസറായി എസ്.ഐ അല്ലെങ്കിൽ എ.എസ്.ഐ യും അസി. ബീറ്റ് ഓഫീസറായി ഒരു വനിതാ ഓഫീസറും സേവനമനുഷ്ഠിക്കുന്നുണ്ട്. ജനമൈത്രി പോലീസ് ജനങ്ങളുമായി ഒരു സൗഹൃദാന്തരീക്ഷം സ്രഷ്ടിക്കുന്നുണ്ടെങ്കിലും നിയമത്തിനുമുന്നിൽ വ്യക്തികൾക്ക് ഒരു പ്രത്യേക പരിഗണനയും ലഭിക്കുകയില്ല. പണ്ടേ പറയാറുള്ളതുപോലെ കുറ്റം ചെയ്തവർ പോലീസിനെ പേടിക്കുക തന്നെ വേണം.

# ഉഴവൂർ തോടിന്റെ ഓരങ്ങളിടിയുന്നു

**മനു, അശ്വതി, അരുണിമ, അനിജ**

പിറവം : സംരക്ഷണ ഭിത്തികളില്ലാത്തതിനാൽ ഉഴവൂർ തോടിന്റെ ഓരങ്ങളിടിയുന്നത് കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. ഓരോ മഴക്കാലം പിന്നിടുമ്പോഴും ഏക്കറുകളോളം കൃഷിയിടങ്ങളാണ് വിവിധ ഭാഗങ്ങളിലായി തോട്ടിലേക്കു ചേരുന്നത്. കൂത്താട്ടുകുളത്തുനിന്നും തിരുമാറാടി, പാമ്പാക്കുട, പിറവം പഞ്ചായത്തുകളിലൂടെ പിറവം പുഴയിലേക്കാണ് തോട് ചേരുന്നത്. കിലോമീറ്ററുകളോളം ദൈർഘ്യത്തിൽ കടന്നു പോകുന്നിടത്തെല്ലാം തന്നെ കരഭൂമി ഇടിഞ്ഞു തോട്ടിലേക്ക് പതിച്ചിട്ടുണ്ട്. കഴിഞ്ഞമഴക്കാലത്ത് ചിലയിടങ്ങളിൽ ഓരത്തു നിന്നിരുന്ന തെങ്ങ് ഉൾപ്പെടെയുള്ള വൃക്ഷങ്ങളും തോട്ടിലേക്ക് മറിഞ്ഞു വീണിരുന്നു. വിവിധ ഭാഗങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന അനധികൃത മണൽവാരലാണ് തീരങ്ങൾ ഇടിയുന്നതിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ക്രമാതീതമായ വിലവർധനവിനുപുറമെ പുഴമണൽ കിട്ടാനില്ലാത്തതും തോട്ടിൽ നിന്നുള്ള ഖനനം സജീവമാകുന്നതിന് കാരണമായി.

ഈ മാസം തന്നെ പുഴമണൽ വാരുന്നതിന് നിരോധനം ഏർപ്പെടുത്തിയേക്കുമെന്നായതോടെ മിക്കയിടത്തും തോട് കുഴിച്ച് മണൽ എടുക്കുകയാണ്.

കുട്ടികളിൽ ശേഖരിച്ച് കരിയിലെത്തിക്കുന്ന തോട്ടുമണൽ പിന്നീട് ചാക്കുകളിൽ നിറച്ച് ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നു. ഓണക്കൂർ, പാമ്പാക്കുട പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സജീവമായി മണൽ വാരുന്നതായി പരക്കെ പരാതി ഉയർന്നിട്ടുണ്ട്.

മണൽ വാരൽ മൂലം തോടിന്റെ ആഴം വർദ്ധിക്കുന്നത് ഇവിടെ നിന്നുള്ള വെള്ളത്തെ ആശ്രയിച്ച് പാടത്ത് കൃഷി ചെയ്യുന്നത് ബുദ്ധിമുട്ടിലാക്കിയതായി കർഷകർ പറയുന്നു. വേനൽക്കാലത്ത് കടുത്ത ജലക്ഷാമത്തിനും മഴക്കാലത്ത് വെള്ളക്കെട്ടിനും ഇടയാക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യം ശക്തമായിട്ടുണ്ട്.

# കുടിവെള്ളത്തിൽ നൂൽപാമ്പ്, ജല അതോറിറ്റി പ്രതിസന്ധിയിൽ

**വീണ, ശ്രീലക്ഷ്മി, അഞ്ജു**

പിറവം : മഞ്ഞപ്പിത്തം രോഗബാധ വ്യാപകമായ രാമമംഗലം പഞ്ചായത്തിൽ ജല അതോറിറ്റിയെ പ്രതിസന്ധയിലാക്കി കുടിവെള്ളത്തിൽ നൂൽപാമ്പ്. ആശുപത്രിക്കവലക്ക് സമീപമുള്ള പൊതുടാപ്പിൽ നിന്നാണ് ജൂൺ പതിനാറിന് നാല് നൂൽപാമ്പുകളെ കണ്ടെത്തിയത്. സമീപവാസിയായ എടയത്ത് ജോർജ്ജിനാണ് പത്തു സെന്റീമീറ്റർ നീളമുള്ള നൂൽപാമ്പുകളെ ലഭിച്ചത്. ഇവയെ പിന്നീട് മഞ്ഞപ്പിത്ത രോഗബാധയെക്കുറിച്ച് പഠിക്കുന്നതിനായി എത്തിയ വിദഗ്ദ സംഘത്തിന് കൈമാറി. മൂവാറ്റുപുഴയാറിൽ നിന്നുള്ള വെള്ളം രാമമംഗലം മെതിയപ്പാറയിലെ ടാങ്കിൽ ശേഖരിച്ച് ശുദ്ധീകരിച്ചാണ് കുടിവെള്ളമായി വിതരണം ചെയ്യേണ്ടത്. വേനൽക്കാലങ്ങളിൽ ചെളികലരാൻ സാധ്യതയുള്ളതിനാൽ മാസത്തിലൊരിക്കൽ ടാങ്ക് വൃത്തിയാക്കുകയും ആറ് മാസത്തിലൊരിക്കൽ ബെഡ് നീക്കം ചെയ്യുകയും വേണമെന്നാണ് നിയമം. എന്നാൽ മെതിയപ്പാറയിലെ ടാങ്ക് ശുചീകരിച്ചിട്ട് 6 മാസവും ബെഡ് നീക്കം ചെയ്തിട്ട് വർഷങ്ങളും പിന്നിട്ടതായി നാട്ടുകാർ പറയുന്നു. അനാസ്ഥ തുടർന്നാൽ കർശന നടപടി സ്വീകരിക്കുമെന്ന് സ്ഥലം എം.എൽ.എയും മന്ത്രിയുമായ അനൂപ് ജേക്കബ് പറഞ്ഞു.



# പിറവം പാർക്ക്: അനാസ്ഥ തുടരുന്നു

**അഞ്ജലി, ഗൗദ്, ലിജോ, ജിനു**



പിറവം : മുറ്റത്തെ മുല്ലക്ക് മണമില്ല എന്ന പഴമൊഴി ശരിവക്കുന്നതാണ് പിറവം ഗ്രാമപഞ്ചായത്ത് കുട്ടികളുടെ പാർക്കിന്റെ സ്ഥിതി. പിറവം പഞ്ചായത്ത് കാര്യാലയവും സിവിൽ സ്റ്റേഷനും തൊട്ടടുത്ത് കിടന്നിട്ടും കുട്ടികൾക്കേറെ പ്രിയപ്പെട്ട പാർക്കിന്റെ സ്ഥിതി ദയനീയമായി തുടരുന്നു.

എസ്.ശർമ്മ മന്ത്രിയായിരിക്കുമ്പോൾ ഉദ്ഘാടനം ചെയ്ത പാർക്കിലെ കളി ഉപകരണങ്ങളെല്ലാംതന്നെ ജീർണ്ണിച്ച് വീഴാറായ അവസ്ഥയിലാണ്. കുട്ടികൾക്ക് വിനോദം പകർന്നു നൽകുന്നതിന് പകരം അപകടം സമ്മാനിക്കുന്നവയാണ് ഇവയെല്ലാം. മനോഹരമായ പുൽതകിടിക്കുപകരം പാഴ്ച്ചെടികൾ വളർന്നു നിൽക്കുന്ന കാഴ്ച്ചയാണ് സന്ദർശകരെ കാത്തിരിക്കുന്നത്. ഇരിക്കാനായി ഇരിപ്പിടംപോലും ഇല്ലാത്ത അവസ്ഥയിലാണ് പാർക്ക്. പഴയ കളിസാധനങ്ങളെല്ലാം തന്നെ പാർക്കിലെ ഒരു മൂലയിൽ കൂട്ടിയിട്ടിരിക്കുകയാണ്. രാത്രി കാലങ്ങളിൽ സാമൂഹിക വിരുദ്ധർ പാർക്കിൽ തമ്പടിക്കുന്നതായി നാട്ടുകാർ പറയുന്നു. പാർക്കിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നായ ജലധാര കൊതുക് മുട്ടകളും പായലും നിറഞ്ഞ് വൃത്തിഹീനമായിരിക്കുന്നു. കാവൽക്കാരന്റെ അഭാവം മൂലം ഗെയിറ്റ് എപ്പോഴും തുറന്നുകിടക്കുന്നതിനാൽ ആർക്കും എപ്പോൾ വേണമെങ്കിലും അകത്തേക്കു പ്രവേശിക്കാവുന്ന അവസ്ഥയാണ്. മൂത്രപ്പുരയുടെ അവസ്ഥ തികച്ചും ശോചനീയമാണ്.

കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട പാർക്കിന്റെ സ്ഥിതി കണ്ടറിഞ്ഞ് ആവശ്യമായ നടപടികൾ സ്വീകരിച്ച് പാർക്ക് ഉടൻതന്നെ നവീകരിക്കുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.

# ജപ്പാൻ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായി



**അഖിൽ, ജോം, റിയാസ്, ജെഫ്രിൻ**

കളമ്പൂർ : വൈക്കം, ചേർത്തല ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നതിനായുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കളമ്പൂർക്കാവ് പ്ലാന്റ് പൂർണ്ണമായി പ്രവർത്തനസജ്ജമായി. പിറവത്തുനിന്ന് ഏതാനും കിലോമീറ്ററുകൾ മാത്രം ദൂരത്ത് സ്ഥിതി ചെയ്യുന്ന വൈക്കത്തിനു മാത്രമല്ല മറിച്ച് വർഷങ്ങളായി ഗുരുതരമായ കുടിവെള്ള പ്രതിസന്ധി നേരിടുന്ന ചേർത്തലക്കുകൂടി കളമ്പൂർക്കാവ് പ്ലാന്റിൽ നിന്നും ഇനിമുതൽ വെള്ളമെത്തും. ഭൂഗർഭജലം തീർത്തും ഉപയോഗശൂന്യമായ ചേർത്തലയിൽ പൊതുടാപ്പിൽ നിന്നു ലഭിക്കുന്ന ജലം മാത്രമാണ് കുടിവെള്ളത്തിന് ഏക ആശ്രയം. ഈ സാഹചര്യത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി തീർച്ചയായും അവിടങ്ങളിൽ ഒരു സഹായഹസ്തമാവും.

മാസങ്ങളായുള്ള പ്രവർത്തനത്തിനു ശേഷമാണ് പദ്ധതി പൂർത്തിയായത്, സാങ്കേതിക തകാരാറുമൂലം ആദ്യം പദ്ധതി ഏറ്റെടുത്തു നടത്തിയ അബ്രാൻ കമ്പനിക്കു പദ്ധതി പൂർത്തിയാക്കാനായിരുന്നില്ല. ശേഷിക്കുന്ന പണികൾ പൂർത്തികരിക്കുന്നതിനായി കുർലോസ് കൺസ്ട്രക്ഷനെന്ന പുതിയ ഒരു കമ്പനിയെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ആദ്യ രണ്ടു വർഷങ്ങളിൽ തൊഴിലാളികളെ നിയമിക്കുന്നത് കുർലോസ് കൺസ്ട്രക്ഷനായിരിക്കും. തുടർന്ന് സർക്കാർ നേരിട്ടു നിയമനം നടത്തും.

# പ്രകൃതി രമണീയമായ ഊറനാട്ടുചിറ



**അശ്വതി, മനു, അരുണിമ, അനിജ**



പിറവം മൂവാറ്റുപുഴ റൂട്ടിൽ പള്ളിപ്പടിയിൽ നിന്നും ഒരു കിലോമീറ്റർ മാത്രം അകലെയാണ് ഊറനാട്ടുചിറ ഡാം സ്ഥിതിചെയ്യുന്നത്. പാട ശേഖരങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ ഡാം പ്രകൃതി ഭംഗി വിളിച്ചോതുന്നു. ആദ്യ കാലങ്ങളിൽ ഇത് വെറുമൊരു അരുവി മാത്രമായിരുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വീണ്ടും മാറ്റങ്ങളുണ്ടായി. അരുവിയിൽ നിന്ന് ബണ്ട് കെട്ടി ജലം ശേഖരിക്കാൻ തുടങ്ങി. അരുവിയിൽ ആദ്യം മണ്ണ് ഉപയോഗിച്ച് കൊണ്ടാണ് ബണ്ടുകൾ നിർമ്മിച്ചിരുന്നത്. എന്നാൽ പിന്നീട് കരിങ്കല്ല് ഉപയോഗിച്ച് സുരക്ഷിതത്വത്തോടുകൂടിയ ബണ്ടുകൾ നിർമ്മിച്ചു. മല മുകളിൽ നിന്നും വ്യത്യസ്തമായി നിരപ്പായ പ്രദേശത്ത് ഒരിക്കലും വറ്റാത്ത ഉറവയായി ചെക്ക് ഡാം കാണപ്പെടുന്നു. കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഈ ഡാമിലെ ജലമാണ് ഉപയോഗിക്കുന്നത്. ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി നിറഞ്ഞുനിൽക്കുന്നത് ആമ്പലിന്റെ മനോഹാരിതയാണ്. കരിങ്കല്ല് ഉപയോഗിച്ച് ബണ്ടുകൾ നിർമ്മിച്ചിട്ട് 50 വർഷം പിന്നിടുന്നു.



# മുളക്കുളം പാലം: പണി പൂർത്തിയാകുന്നു

**അഖിൽ, ജോം, അരുൺ, ലിജോ**



മുളക്കുളം : പെരുവ പിറവം റൂട്ടിൽ മാസങ്ങളായി ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ടിരുന്ന മുളക്കുളം പാലം പണി പൂർത്തിയാകുന്നു. പഴയ പാലം അപകടാവസ്ഥയിൽ ആയതിനെ തുടർന്നാണ് പുതിയ പാലം പണിയുവാൻ പദ്ധതിയിട്ടത്. പഴയ പാലം പൊളിച്ചുനീക്കി അതേ സ്ഥലത്തുതന്നെ പുതിയത് പണിയുകയായിരുന്നു. ഇതു വഴിയുണ്ടാകുന്ന യാത്രാ ദുരിതം പരിഹരിക്കുവാൻ ഒരു താൽകാലിക പാലവും നിർമ്മിച്ചിരുന്നു. എന്നാൽ ഇതിലൂടെ കാർ, ഓട്ടോ തുടങ്ങിയ ചെറിയ വാഹനങ്ങൾ മാത്രമെ കടന്നുപോകുകയുള്ളൂ. ഈ സാഹചര്യത്തിൽ ബസ് സർവ്വീസുകൾ എല്ലാ തന്നെ റൂട്ടുമാറ്റിയാണ് പിറവത്തേക്ക് പോകുന്നത്. പെരുവയിൽ നിന്നും പെരുമ്പടവം ചീപ്പും പടിയിലൂടെ അന്ത്യാൽ പാലച്ചുവട് വഴി കറങ്ങിയാണ് ബസുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നത്. വൈക്കം, തലയോലപ്പറമ്പ്, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പിറവത്തേക്ക് എത്തുവാൻ ഏറ്റവും സുഗമമായ റൂട്ടായിരുന്നു മുളക്കുളം വഴിയുണ്ടായിരുന്നത്. എന്നാൽ പാലം പണിനടക്കുന്നതുകാരണം ബസ് റൂട്ടുകളി ൽ മാറ്റം ഉണ്ടാകുകയും ബസ് സർവ്വീസുകൾ പലതും താൽകാലികമായി നിർത്തലാക്കുകയും ചെയ്തു. ഇതി നാൽ ഇത് വഴി കടന്നുപോകുന്നവർ കടുത്ത യാത്രാക്ലേശം അനുഭവിക്കുകയാണ്.



പാലം പണി സമയബന്ധിതമായി പൂർത്തികരിക്കുക എന്നത് എല്ലായിടത്തും ആവശ്യമാണ്. എന്നാൽ പഴയ പാലം പൊളിച്ച് പുതിയത് പണിയുന്നതുകൊണ്ടുതന്നെ മുളക്കുളത്ത് അത് അത്യന്താപേക്ഷിതമായിരുന്നു. ഇത് മനസ്സിലാക്കിക്കൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തികരിക്കുവാൻ മുളക്കുളം പാലത്തിന്റെ അണിയറ പ്രവർത്തകർ കാണിച്ച പ്രാഗത്ഭ്യം പ്രശംസനീയം തന്നെ. പാലത്തിന്റെ വരവോ ടെ ഗതാഗത കുരുക്കിനും യാത്രക്ലേശത്തിനും അറുതി യാകും.

# പിറവം നടപാത പണി വൈകുന്നു



**അഞ്ജലി, ജിനു, ഗൗത്, ലിജോ**

പിറവം : നീളുന്ന കാത്തിരുപ്പിന് ഇനി എന്ന് വിരാമം? പിറവം പാർക്കിന്റെ ഇരുവശവും പണി പൂർത്തിയാകാതെ കിടക്കുന്നു. ഒരു കോടി രൂപ ചെലവഴിച്ച് നടപ്പാ ക്കാൻ ഉദ്ദേശിച്ച പദ്ധതി ഇപ്പോൾ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. പിറവം പട്ടണത്തിൽ നിന്നും സിവിൽ സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലേക്ക് പോകുവാൻ ഉപകരിക്കുന്ന നടപാത ഇനിയും പൂർത്തികരി ക്കുവാൻ ആയിട്ടില്ല. ഈ വശത്തെ നടപാത തുടങ്ങുന്ന ഭാഗം പുറംപോക്കാണെന്ന ധാരണയിലാണ് പണി തുടങ്ങിയത് എങ്കിലും സ്ഥലത്തിന് അവകാശ വാദവുമായി പിഷാരുകോവിൽ ദേവസ്വം രംഗത്തുവന്നതോടെ ആ ഭാഗത്തെ പണി പൂർത്തീകരിക്കുവാൻ കഴിയാതെ നട്ടം തിരിയുകയാണ് അധികൃതർ. ഈ ഭാഗത്ത് നടപ്പാത അടച്ചുപൂട്ടിയ നിലയിലാണ് ഇപ്പോൾ ഉള്ളത് എന്നാൽ ഈ പ്രശ്നം വെറും സാങ്കേതിക മാണെന്നും പണി ഉടൻ പൂർത്തികരിക്കുവാൻ ആകുമെന്നും PWD അധികൃതർ പറഞ്ഞു.

മറ്റൊരു ഭാഗം പൂർത്തീകരിച്ചു എന്നു പറയുന്നുണ്ടെങ്കിലും കാഴ്ച്ചയിൽ അത് അപൂർണ്ണം തന്നെ. നടക്കാൻ ഉപയോഗ്യമെങ്കിലും മേൽക്കൂര ഇല്ലാത്തതിനാൽ മഴയും, വെയിലുമേറ്റ് തുരുമ്പുപിടിച്ച് കിടക്കുന്ന അവസ്ഥയിലാണ് നടപാത. കൈവരിയും മറ്റുമെല്ലാം തുരുമ്പിച്ച അവസ്ഥയിലാണ്. ഒന്നരക്കോടി മുടക്കി പണിയുന്ന ഒരു പദ്ധതിയുടെ ഈ അവസ്ഥ ദയനീയം തന്നെ. നടപ്പാതയുടെ പണി ആരംഭിച്ച് ഒരു വർഷത്തിലേറെ ആയിട്ടും ഇത് പൂർത്തിയാക്കുകയോ ഉദ്ഘാടനം ചെയ്യുകയോ ഉണ്ടായിട്ടില്ല. ഈ കാര്യത്തിൽ ബന്ധപ്പെട്ട അധികൃതർക്ക് യാതൊരു താൽ പര്യവും ഇല്ലാത്ത മട്ടാണ്. നടപാതയുടെ പണി ഇനി യെന്ന് പൂർത്തിയാകും എന്ന ഉദ്കണ്ഠയിലാണ് പിറവം നിവാസികൾ.

# അങ്ങനെ വീണ്ടുമൊരു മഴക്കാലം കൂടി....

**വീണാ, ഹരി, ആനന്ദ്, ബെൻസൺ**

അങ്ങനെ ഒരു വർഷകാലം കൂടി എത്തിയിരിക്കുന്നു. ഉഷ്ണത്തിൽ നിന്നു സർവ്വ ജീവജാലങ്ങ ൾക്കും മോചനം നൽകുന്ന പ്രകൃതിയുടെ ഈ കനിവിനെ നമ്മൾ മൺസൂൺ എന്നുവിളിക്കുന്നു. മൺസൂൺ അഥവാ വർഷകാലം ഇന്ത്യയിൽ ആദ്യമായി എത്തുന്നതു കന്യാകുമാരി ജില്ലയിലും തെക്കൻ കേരളത്തിലും ആണ്. അറബി ഭാഷയി ലെ മൗസം എന്ന ശബ്ദം പാശ്ചാത്യർ മൺസൂൺ ആക്കിയതാണ്. ജൂൺ ആദ്യ ദിവസ്സങ്ങളോടെ ആരംഭിക്കുന്ന മൺസൂ ണിനെ കേര ളത്തിൽ ഇടവപ്പാതി എന്നും വിളിക്കുന്നു. ജൂൺ 30 ഓടു കൂടി ഇടവപ്പാതി ഇന്ത്യ മുഴുവൻ വ്യാപിക്കുമ്പോൾ ജൂലൈ, ആഗസ്റ്റ് മാസ ങ്ങളിൽ ഇന്ത്യ മുഴുവനും മൺസൂ ണിന്റെ അധീന തയിലാകും. വർഷകാലം നമ്മുടെ ശരീരത്തിനെയും, ഒപ്പം മനസ്സിനെയും കുളിർപ്പിച്ചു തുടങ്ങിയിരിക്കുന്നു. അഴകാർന്ന ബാല്യത്തെ വീണ്ടും ഓർമ്മിപ്പിക്കുകയാണ് മഴക്കാലം. കുട്ടിക്കാലത്ത് മഴയിൽ കളിച്ചതും, നനഞ്ഞു സ്കൂളിൽ പോയതും ഓരോ മനുഷ്യ ന്റെയും ഓർമ്മകളിൽ ഇന്നും മായാതെ നിൽക്കുന്നു. എത്ര തിരക്കിട്ട ജീവിതം നയിക്കുന്ന വരാണെങ്കിലും ഓരോ മഴക്കാലത്തും ഓർമ്മകളെ ഓമനിക്കാൻ ആരും മടിക്കാറില്ല. മാമ്പഴം പൊഴിച്ചു കൊണ്ട് വർഷം പെയ്തിറങ്ങു മ്പോൾ അണ്ണാറക്കണ്ണന്മാരോട് കുശലം പറഞ്ഞതും മാമ്പഴ ത്തിനായി മുറ്റത്തേക്ക് ഓടിയതും ഓർക്കാത്ത മലയാളി ഉണ്ടോ?

ഒരു വർഷകാലം കൂടിയെത്തുമ്പോൾ ഗൃഹാതുരത്വ സ്മരണകളിൽ മുഴുകുകയാണ് മലയാളി...

# പ്രതീക്ഷയേകി ആമ്പല്ലൂർ ഇൻഫോ പാർക്ക്

**സിദ്ധാർത്ഥ്, അരുൺ, സുജ**

ആമ്പല്ലൂർ : എറണാകുളം മേഖലക്ക് പ്രതീക്ഷയേകി കൊണ്ട് ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ. എറണാകുളം ജില്ലാ കളക്ടർ പി.ഐ. ഷെയ്ക്ക് പരീതിന്റെ നിർദ്ദേശപ്രകാരം തുടങ്ങിയ ഭൂമി തരംതിരിക്കൽ പ്രക്രിയ അവസാനഘട്ടത്തോട് അടുക്കുകയാണ്. 334 ഏക്ക റിൽ പണിതീർക്കാൻ ഉദ്ദേശി ക്കുന്ന ആമ്പല്ലൂർ പ്രൊജക്റ്റ് ഭൂമി ഏറ്റെടുക്കലിനുശേഷം രണ്ടാം ഘട്ടത്തിലേക്ക് നീങ്ങും.

202 കോടിയുടെ ചെലവു പ്രതീക്ഷിക്കുന്ന രണ്ടാം ഘട്ട വികസനം ആഗസ്റ്റ് മധ്യത്തിൽ തുടങ്ങും എന്നാണ് പ്രതീക്ഷിക്കുന്നത്. 20,0000 ത്തോളം പേർക്ക് പ്രത്യക്ഷമായും 70,000 പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യത കൽപ്പിക്കുന്ന ആമ്പല്ലൂർ പാർക്ക് ഇലക്ട്രോണിക് കമ്പനികളുടെ ഹാർഡ്‌വെയർ നിർമ്മാണത്തിൽ അധിഷ്ഠിതമായിരിക്കും. വൻകിട ഇലക്ട്രോണിക് കമ്പനികളെ ആകർഷിക്കാൻ കെട്ടിട നിർമ്മാണ സൗകര്യവും മറ്റും KSDC നൽകും. 340 ഏക്കറിലുള്ള വികസന പ്രവർത്തനം നടക്കുമ്പോൾ 22 വീടുകളെ മാത്രമെ നീക്കം ചെയ്യുന്നുള്ളൂ എന്നതും പദ്ധതിയുടെ വിജയമാണ്. ഇവർക്ക് സൗജന്യ പുനരധിവാസം കമ്പനി ഏർപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് വരുന്ന രണ്ടുവർഷത്തിനുള്ളിൽ ആമ്പല്ലൂർ ഇൻഫോ പാർക്ക് പൂർത്തികരിക്കാമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

Printed and published from dept. B.A. English Journalism BPC College Piravam Printed at Keerthi Printers, TPY (For Private Circulation only),
Chief Editor: Shine P.S., Sub Editors: Disney Tom, Tania Anton